# ജി.എൽ.പി.സ്.പറയകാട്

പറയകാട്,നോർത്ത് പറവൂർ .പി.ഒ.

എറണാകുളം ജില്ല Pin: 683513

Phone :04842992011



## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## ആമുഖം

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ താലൂക്കിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് X-ാം വാർഡിൽ പറയകാട് ചെറിയപല്ലംതുരുത്ത് റോഡിന് കിഴക്കു ഭാഗത്ത് ഗുരുതിപ്പാടം ഭഗവതി ക്ഷേത്രത്തിനോട് ചേർന്ന് പറയകാട് ഗവ:എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശം അന്ന് ഒരു തുരുത്ത് പോലെയായിരുന്നു. റോഡ് ഗതാഗതം സ്ഥാപിച്ചിരുന്നില്ല. നാലു വശവും തോടുകളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് എത്തിപ്പെടുക വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ശതാബ്ദി ആഘോഷിച്ച ഈ വിദ്യാലയം ഈ പ്രദേശവാസികളെ സാമൂഹിക. സാംസ്കാരിക. സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ ജനങ്ങളെ മുന്നോട്ടു നയിച്ചതിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവഃ എൽ.പി.സ്കൂൾ, പറയകാട് |
| | വിലാസം | : നോർത്ത് പറവൂർ.പി.ഒ<br>പറയകാട്, എറണാകുളം ജില്ല, പിൻ – 683513 |
| | ഫോൺ | : 9388853024 |
| 2. | സ്കൂൾ കോഡ് | : 25810 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : നോർത്ത് പറവൂർ |
| 4. | റവന്യൂ ജില്ല | : എറണാകുളം |
| 5. | ബി.ആർ.സി | : എൻ.പറവൂർ |
| 6. | സി.ആർ.സി | : പട്ടണം |
| 7. | ഗ്രാമപഞ്ചായത്ത് | : ചിറ്റാറ്റുകര( X-ാം വാർഡ്) |
| 8. | ബ്ലോക്ക് പഞ്ചായത്ത് | : എൻ.പറവൂർ |
| 9. | ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| 10. | നിയമസഭാ മണ്ഡലം | : എൻ.പറവൂർ |
| 11. | ലോകസഭാ മണ്ഡലം | : എറണാകുളം |
| 12. | താലൂക്ക് | : എൻ.പറവൂർ |
| 13. | വില്ലേജ് | : എൻ.പറവൂർ |
| 14. | ഇമെയിൽ | : glpsparayakad@gmail.com |
| | വെബ്സൈറ്റ് | : |
| | സ്കൂൾവിക്കി | : |

## STAFF & TEACHERS

Sibi .V .M -Headmistress

Shino .K.B –Senior Teacher

Divya. C.B – Teacher

Jentobe Baby –Teacher

Kunjappan . V .T –PTCM

## Preprimary

Reena. K .V. – Teacher

Suma .V. S – Ayah

Rathnamma .K -Cook

# നിലവിലെ അവസ്ഥ

അക്കാദമികം - നേട്ടങ്ങൾ

കലാകായിക പ്രവൃത്തി മത്സരങ്ങളിൽ ഉപജില്ലാ തലത്തിൽ സമ്മാനങ്ങൾ നേടുന്നു. മിക്കവാറും വർഷങ്ങളിൽ കുട്ടികൾക്ക് LSS പരീക്ഷയിൽ സ്കോളർഷിപ് ലഭിക്കുന്നു .ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായും കുട്ടികൾ മാസികകളും പതിപ്പുകളും തയ്യാറാക്കുന്നു .വായനാശീലം വളർത്തുന്നതിന് ക്ലാസ് ലൈബ്രറികൾ സജ്ജീകരിച്ചിട്ടുണ്ട്.പുസ്തകങ്ങൾ വായിച്ചു വായനാക്കുറിപ്പ് തയ്യാറാക്കുന്നു .ഇംഗ്ലീഷിലും മലയാളത്തിലും വായനാസാമഗ്രികൾ തയ്യാറാക്കുന്നു.സ്വയം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനു അവസരം ഒരുക്കുന്നു.ഓരോ ദിവസത്തെയും അസംബ്ലി ഓരോ ക്ലാസ്സുകാർ ഏറ്റെടുത്തു നടത്തുന്നു .പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിന് അസംബ്ലിയിൽ ദിവസവും പൊതുവിജ്ഞാന ചോദ്യങ്ങൾ ,മൂല്യബോധം വർധിപ്പിക്കുന്നതിന് ചിന്താവിഷയം അവതരണം ,പത്രവായന ,കടങ്കഥ അവതരണം വ്യായാമം ,മികച്ച ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ അവതരണം ,ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി എന്നിവ നടത്തുന്നു.പരമാവധി കുട്ടികൾക്ക് ലഭിക്കുന്നതിന്

സെപ്റ്റംബർ മാസത്തിൽ തന്നെ കുട്ടികളെ സെലക്ട് ചെയ്തു പരിശീലനം നടത്തുന്നു .

പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി മലയാളത്തിളക്കം ,ഗണിത വിജയം ,ഉല്ലാസ ഗണിതം ,ഹലോ ഇംഗ്ലീഷ് പോലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികളുടെ സർഗാത്മക വാസനകൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിനു കോർണർ PTA നടത്തുന്നു.ഭൂരിഭാഗം കുട്ടികൾക്കും എഴുതാനും വായിക്കാനും ചതുഷ്ക്രിയകൾ ഭംഗിയായി ചെയ്യാനും സാധിക്കുന്നു .

# ഭൗതീകം-നേട്ടങ്ങൾ

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രേത്യേകം ബാത്രൂം സൗകര്യം ഉണ്ട് . പാചകപ്പുര സൗകര്യം ഉണ്ട്. വെള്ളം ,electicity എന്നിവ ലഭ്യമാണ് .ടൈൽ വിരിച്ച ഹാളിൽ അധ്യയനം നടക്കുന്നു.സ്റ്റേജ് സജ്ജീകരിച്ചിരിക്കുന്നു . ടൈൽ വിരിച്ച കോൺക്രീറ്റ്മേൽക്കൂരയുള്ള ഓഫീസ്റൂം ഉണ്ട് .

# ഭൗതീകം -പരിമിതികൾ

111വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് സ്കൂൾ നിലവിൽ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്നത്. ലാബ്,ലൈബ്രറി,സ്മാർട്ട് ക്ലാസ്റൂമുകൾ ,തുടങ്ങി പുതിയ ഒരു കെട്ടിടം സ്കൂൾ ഗുണമേന്മഉള്ള രീതിയിൽ പ്രവൃത്തിക്കാൻ ആവശ്യമാണ്.കുട്ടികൾക്ക് കലാകായികമായ കഴിവുകൾ വളർത്തിയെടുക്കാനും പരിപോഷിപ്പിക്കാനും പ്രദർശിപ്പിക്കാനും കളിസ്ഥലം ആവശ്യമാണ്.അസംബ്ലി ഹാൾ ,ഉപകരണങ്ങൾ എന്നിവ വേണം .ഭോജനശാല ഇല്ല .നിലവിലുള്ള ക്ലാസുകൾ പ്രവൃത്തിക്കുന്നത് ഹാളിൽ ആണ്.മതിയായ സൗകര്യങ്ങൾ ഇല്ല .ക്ലാസ് റൂമുകൾ; തമ്മിൽ സെപ്പറേഷൻ വാൾ ഇല്ല.

## അക്കാദമികം - പരിമിതികൾ

L.S.S പരീക്ഷയിൽ വിജയിക്കുന്നവരുടെ എണ്ണം വർധിപ്പിക്കണം. കായിക പരിശീലന ത കൂടുതൽ പ്രാധാന്യം കൊടുത്ത്, പ്രത്യേകം അധ്യാപകരെ നിയമിച്ച്. കായികരംഗ

# ജി. എൽ. പി. എസ്. പറയകാട്

ുന്നതവിജയങ്ങൾ നേടണം. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ക്ലാസ് ലൈബ്രറികൾ പ്പെടുത്തണം. പ്രീപ്രൈമറി കുട്ടികളുടെ കലാ-സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രോത്സാ പ ൽകണം.

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയും അതാതുക്ലാസിലെ പഠനനേട്ടങ്ങൾ പൂ ായും കൈവരിച്ചു എന്ന് ഉറപ്പു വരുത്തണം. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ, ിലവാരക്കാരായ കുട്ടികൾ എന്നിവർക്ക് പ്രത്യേകം പരിഗണന നൽകിക്കൊണ്ട് മികവിലേ ുത്തിക്കണം. പാഠഭാഗങ്ങൾ I C T സഹായത്തോടെ അവതരിപ്പിച്ച് പഠനം എളുപ്പ സകരവും ആക്കണം

## ലക്ഷ്യങ്ങൾ

1. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല, ഹ്രസ്വകാല, മധ്യകാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ.

2. പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക. പ്രവർത്തനങ്ങൾ നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.

3. അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

4. മലയാളം എഴുതുവാനും വായിക്കാനും വിവിധ വ്യവഹാര രൂപങ്ങളിലേക്ക് എത്തിച്ചേരാനും പ്രാപ്തരാക്കൽ

5. ശ്രദ്ധ, മലയാളത്തിളക്കം, പരിപാടികൾക്ക് ഊന്നൽ നൽകി പിന്നോക്കം നിൽക്കുന്നവരേയും ഭിന്നശേഷിക്കാരേയും മുന്നിലെത്തിക്കൽ

6. ലൈബ്രറി ശാക്തീകരണത്തിലൂടെ വായനയിൽ പ്രാവീണ്യം നേടുന്നതിനും വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തുന്നതിനും അവസരം ഒരുക്കൽ.

7. ഐ.സി.ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പഠനം രസകരവും വിജ്ഞാനപ്രദവുമാക്കൽ.

8. ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങൾ രസകരവും താൽപ്പര്യജനകവും മധുരതരവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകൽ.

9. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകൽ.

10. കല, കായികം, പ്രവൃത്തി പരിചയം എന്നി മേഖലകളിലുള്ള സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ.

11. വിവര സാങ്കേതികവിദ്യ പരിശീലനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കൈത്തൊഴിൽ പരിശീലനം നൽകുന്നതിനും. ഊന്നൽ നൽകൽ

12. ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനായി പോഷക സമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കൽ.

## ലക്ഷ്യങ്ങൾ (സാമൂഹികം)

- റിസോഴ്സ് മാപ്പിങ് നടത്തി ടാലന്റ് ലാബ് ശരിയായി പ്രവർത്തിപ്പിക്കുക.
  (ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുക, അതിനാവശ്യമായ റിസോഴ്സ് സമൂഹത്തിൽ നിന്നു കണ്ടെത്തി അവരുടെ സേവനം പ്രയോജനപ്പെടുത്തുക.
- SMC, PTA, MPTA ശാക്തീകരണം, മാതൃകാപരമാക്കൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്തുക (ലൈബ്രറി, I C.T etc)
- ഭവന സന്ദർശനം നടത്തി കുട്ടികളുടെയും സമൂഹത്തിന്റെയും പരിമിതികൾ തിരിച്ചറിയുക. ആവശ്യമായ പിന്തുണ നൽകുക.

## ലക്ഷ്യങ്ങൾ (ഭൗതീകം)

- നൂറുവർഷം പിന്നിട്ട വിദ്യാലയത്തിന് പുതിയ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം എന്നിവ സജ്ജമാക്കുക.
- അക്കാദമിക മികവിന് പര്യാപ്തമാകുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.
- നവീകരിച്ച ക്ലാസ് റൂമുകൾ, ലാബ്, ലൈബ്രറി സൗകര്യം, കലാ-പ്രവൃത്തിപരിചയ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യം എന്നിവ ഒരുക്കുക.
- അധ്യയനം ഏറ്റവും ഫലപ്രദവും ആകർഷകവും ആക്കുന്നതിന് I.C.T. സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ സജ്ജമാക്കുക.
- പ്രകൃതിയെ പാഠപുസ്തകമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ വൈവിധ്യ പാർക്ക് സജ്ജമാക്കുക.
- എന്റെ വിദ്യാലയം എന്റെ സ്വപ്നം പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമാക്കി മാറ്റുക

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠന<br>പരിപോഷണം<br>ശാസ്ത്ര പോഷണം<br>വായനാ പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>കുഞ്ഞെഴുത്തുപോഷണം<br>പ്രതിഭാ പോഷണം<br>ഭക്ഷണ പരിശീലനം<br>വിദ്യാരംഗം<br>പ്രവർത്തനങ്ങൾ<br>നാടിനെ അറിയാൻ<br>നാടകകളരി<br>അഭിമുഖങ്ങൾ<br>എഴുത്തുകൂട്ടം<br>വായനാക്കൂട്ടം<br>ഭാഷാ ലാബ്<br>ശില്പശാല ഒറിഗാമി<br>ഗണിതലാബ്<br>ശാസ്ത്രലാബ്<br>പരീക്ഷണ ശില്പശാല<br>പ്രവൃത്തി പരിചയ<br>പഠനം<br>കലാ കായിക<br>മികവുകൾ<br>ദിനാചരണങ്ങൾ<br>മികവോടെ<br>ഐ ടി പഠനം<br>പാദനയാത്രകൾ<br>സി പി ടി എ<br>സജീവമാക്കൽ<br>ഒന്നാംക്ലാസ് ഒന്നാംതരം<br>S.R.G ശാക്തീകരണം<br>മെഡിക്കൽ ലാബ് | വിദ്യാലയത്തിൽ<br>പുതിയ കെട്ടിടങ്ങൾ<br>ചുറ്റുമതിൽ<br>കവാടം<br>പഠിപ്പുര<br>ഭക്ഷണശാല<br>കളിസ്ഥലം<br>കളി ഉപകരണങ്ങൾ<br>ലാബ്, ലൈബ്രറി<br>സൗകര്യങ്ങൾ<br>സ്മാർട്ട് ക്ലാസ് റൂമുകൾ<br>മേൽക്കൂരയുള്ള<br>അസംബ്ലി ഹാൾ<br>ജൈവ വൈവിധ്യ<br>പാർക്ക്<br>പ്രീപ്രൈമറി<br>ആകർഷകമാക്കുക<br>മാലിന്യ സംസ്കരണം<br>എന്റെ വീട്ടിലും ഒരു<br>കൃഷിത്തോട്ടം<br>യോഗാ പരിശീലനം | കിങ്ങിണിക്കൂട്ടം<br>അംഗനവാടി<br>കലോത്സവം<br>പൂർവ്വ വിദ്യാർഥി<br>സംഗമം<br>പി ടി എ -എം പി ടി<br>എ<br>സർഗോത്സവം<br>കാരുണ്യ പദ്ധതി<br>(രോഗികൾക്ക് സഹായം )<br>കോർണർ പി ടി എ<br>ഭവന സന്ദർശനം<br>പുസ്തക സമാഹരണം<br>ജൈവ വൈവിധ്യ<br>സംരക്ഷണം<br>വൃക്ഷതൈ വിതരണം<br>മികവുകൾ അവതരണം<br>(മാസത്തിൽ ഒന്ന് )<br>ക്ലാസ്സുകൾ<br>പൂർവ്വവിദ്യാർഥി<br>സംഗമം<br>പൂർവ്വാധ്യാപക<br>സംഗമം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026
## ജി. എൽ. പി. എസ്. പറയകാട്

| ക്രമ നം. | വിഷയം & മേഖല | പ്രവർത്തനങ്ങൾ |
|---|---|---|
| 1. | മലയാളം വായന | ക്ലാസ്സ് ലൈബ്രറി, വായനാ മത്സരങ്ങൾ, വായന |
| 2 | മലയാളം ലേഖനം | രചനാ മത്സരങ്ങൾ, പതിപ്പുകൾ, സ്കൂൾ മാഗസിൻ |
| 3 | മലയാളം സർഗ്ഗാത്മക പ്രകടനം | ബാലസഭ, ദിനാചരണങ്ങൾ, ക്ലബ്ബുകൾ |
| 4 | ഇംഗ്ലീഷ് വായന | വായന പ്രവർത്തനങ്ങൾ, ഹലോ ഇംഗ്ലീഷ് പ്രവർത്തനം |
| 5. | ഇംഗ്ലീഷ് ലേഖനം | രചനകൾ, പതിപ്പുകൾ |
| 6 | ഇംഗ്ലീഷ് സർഗ്ഗാത്മകം | റോൾ പ്ലേ, സ്കിറ്റ്, ക്ലബ്ബ് പ്രവർത്തനങ്ങൾ, രചനാ പ്രവർത്തനങ്ങൾ |
| 7. | ഗണിതം / സംഖ്യാജ്ഞാനം | പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എണ്ണൽ, സ്ഥാനവില, ആരോഹണ - അവരോഹരണ ക്രമനിലവാരമനുസരിച്ച് പ്രവർത്തന പാക്കേജ് തയ്യാറാക്കൽ |
| 8. | ഗണിതം സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | പ്രായോഗിക പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നു. ഗണിത ലാബ് രൂപീകരണം, വർക്ക് ഷീറ്റുകൾ |
| 9 | ഗണിതാസ്വാദനം | ശ്രദ്ധ പ്രവർത്തനങ്ങൾ, തുടർപ്രവർത്തനങ്ങൾ, ഗണിത ക്വിസ്സ്, ഗണിതമാഗസിൻ, പസിലുകൾ, ഡയഗ്രം, ഗണിത ക്ലബ്ബ് രൂപീകരണം, പഠനോപകരണ നിർമ്മാണം |
| 10. | പരിസര പഠനം | പഠന നിലവാരം കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു |
| 11. | നിരീക്ഷണം | പ്രകൃതി നിരീക്ഷരണത്തിന് കൂടുതൽ അവസരങ്ങൾ ഐടിസി സാധ്യതകൾ ഉപയോഗിക്കുന്നു. വർഗ്ഗീകരണം, താരതമ്യം |
| 12. | പരീക്ഷണങ്ങൾ | പരീക്ഷണങ്ങളിലൂടെ അറിവ് നിർമ്മാണം, ശാസ്ത്ര പ്രദർശം. അധ്യാപകരുടെ സഹായത്താൽ ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു |
| 13. | പൊതുവിജ്ഞാനം | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്സ്, വിവരശേഖരണം, സെമിനാർ, സംവാദം |
| 14. | പ്രവൃത്തി പരിചയം | പ്രവർത്തി പരിചയവുമായ ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ പ്രവർത്തന തലത്തിൽ ചെയ്യുന്നു. പ്രദർശനം നടത്തുന്നു. |
| 15. | വിദ്യാരംഗം | ടാലന്റ് ലാബ് രൂപീകരണം ഓരോ ക്ലാസ്സിലേയും പാഠഭാഗങ്ങൾ, ദിനാചരണങ്ങൾ, വിദ്യാരംഗം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി |
| 16. | ആരോഗ്യ ക്ലബ്ബ് | ആരോഗ്യ ചാർട്ട്, ക്ലാസ്സ് ശുചിത്വം, ആരോഗ്യ പരിശോധന |
| 17. | കായികം | ഓട്ടം, ചാട്ടം, യോഗ എന്നിവയിൽ പരിശീലനം നൽകുന്നു |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയപ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്തത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാകുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (PTA, MPTA, SRG, OSA, SSG) എന്നിവരെ ഉൾപ്പെടുത്തി നടപ്പാക്കുന്നു.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം, പ്രിൻസിപ്പണ്ടറ്റ, എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.